msarazak@hotmail.com



എം.എസ്.എ റസാഖ്

# മദ്യപാനത്തിന്റെ പ്രത്യാഘാതങ്ങൾ

عَن أبى الدَّرداء رَضِي اللّٰه عَنْهُ عن النَّبِيِّ ﷺ قَالَ: لا يَدْخُلُ الجَنَّةَ مُدْمِنُ الخَمْرِ (رواه ابن ماجه وصحَّحَهُ العَلامةُ الألباني)

അബുദ്ദർദാഅ് (റ) ൽ നിന്ന് നിവേദനം. നബി (സ) അരുളി:
മദ്യത്തിന്റെ അടിമ സ്വർഗത്തിൽ പ്രവേശിക്കുകയില്ല (ഇബ്നുമാജ).

മദ്യപാനം വൻപാപങ്ങളിൽ ഒന്നാണ്. സർവ്വ മ്ലേഛവൃത്തികളുടെയും മാതാവാണത്. മദ്യം ബുദ്ധിയെ ഭ്രമിപ്പിക്കുകയും ഹനിക്കുകയും ചെയ്യുന്നു. ധന നഷ്ടത്തിന് വഴിവെക്കുന്നു. വ്യക്തിവിശുദ്ധി നഷ്ടപ്പെടുത്തുന്നു. സർഗശേഷിയും പ്രതിഭയും നശിപ്പിക്കുന്നു. മറയ്ക്കുക' എന്നാണ് ഖംറിന്റെ ഭാഷാർഥം. ബുദ്ധിയെ മറയ്ക്കുകയും ഭ്രംശിപ്പിക്കുകയും ക്ഷയിപ്പിക്കുകയും ചെയ്യുന്നത് കൊണ്ടാണ് മദ്യത്തിന് ഖംറ് എന്ന പേര് വന്നത്. മദ്യപാനം പൈശാചിക പ്രവൃത്തിയായിട്ടാണ് ഖുർആൻ വിവരിച്ചിട്ടുള്ളത്. അത് ജനങ്ങൾക്കിടയിൽ വിദ്വേഷവും ശത്രുതയും സൃഷ്ടിക്കുന്നു. ആത്മീയ കാര്യങ്ങളിൽ നിന്ന് തടയുന്നു. വ്യഭിചാരം പോലുള്ള പാപ കൃത്യങ്ങളിലേക്ക് കൊണ്ടെത്തിക്കുന്നു. മദ്യപാനി അന്ധനും ഭ്രാന്തനുമാകുന്നു. ഉന്മാദ ലഹരിയിൽ പരിസര ബോധവും വിവേചന ശക്തിയും നഷ്ടപ്പെടുന്നു.

മദ്യപാനം കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുന്നു. കുടുംബ വഴക്കിനും കൊലപാതകത്തിനും കാരണമാകുന്നു. മദ്യപാനി ഗാർഹിക പീഡകനായി മാറുന്നു. മദ്യലഹരിയിൽ മനുഷ്യക്കുരുതി നടത്തുന്നത് നിത്യസംഭവമാണ്. ആരോഗ്യം തകർക്കുന്നതിൽ മദ്യപാനത്തിന്റെ പങ്ക് വലുതാണ്. നിരവധി മാരക രോഗങ്ങൾക്ക് ഹേതുവാണ് മദ്യപാനം. ലൈംഗിക ശക്തിയെയും രോഗ പ്രതിരോധ ശേഷിയെയും ക്ഷയിപ്പിക്കുന്നു.

വിശുദ്ധ ഖുർആനും സുന്നത്തും മദ്യപാനത്തിന്റെ അഭിശപ്തതയെ ഒട്ടേറെ സ്ഥലങ്ങളിൽ എടുത്തുകാട്ടയിട്ടുണ്ട്. മദ്യത്തിന്റെ കാര്യത്തിൽ നബി (സ) പത്ത് വിഭാഗത്തെ ശപിച്ചിരിക്കുന്നു. അത് പിഴിയുന്നവൻ, പിഴിയിക്കുന്നവൻ, കുടിക്കുന്നവൻ, ചുമക്കുന്നവൻ, ചുമപ്പിക്കുന്നവൻ, വിളമ്പുന്നവൻ, വിൽക്കുന്നവൻ, അതിന്റെ വില തിന്നുന്നവൻ, വാങ്ങുന്നവൻ, വാങ്ങിപ്പിക്കുന്നവൻ (ഇബ്നു മാജ, തുർമിദി). നബി (സ) അരുളി: "മദ്യപിക്കുകയും ലഹരിബാധിതനാവുകയും ചെയ്യുന്നവന്റെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകാര്യമല്ല. അവൻ മരിക്കുകയാണെങ്കിൽ നരകത്തിൽ പ്രവേശിക്കും. അവൻ പശ്ചാത്തപിച്ചാൽ അല്ലാഹു അവന് തൗബ നൽകിയേക്കാം" (ഇബ്നുമാജ). നമസ്കാരത്തെപ്പോലെ ഇതര ആരാധനാ കർമങ്ങളും മദ്യപാനിയിൽ നിന്ന് സ്വീകാര്യമാവില്ല. അബ്ദുല്ലാഹിബ്നു ഉമർ പറഞ്ഞു: "മദ്യം ദുർവൃത്തികളുടെ മാതാവും വൻപാപങ്ങളിൽ ഏറ്റവും വലുതുമാകുന്നു. മദ്യം കുടിച്ചവൻ നമസ്കാരം ഉപേക്ഷിക്കുകയും തന്റെ മാതാവിനോടും മാതൃസഹോദരിയോടും പിതൃസഹോദരിയോടും അനാശാസ്യമായി പെരുമാറുകയും ചെയ്യും."

ലഹരി ഉണ്ടാക്കുന്ന എന്തും മദ്യത്തിന്റെ പരിധിയിലാണ് വരികയെന്നതിനാൽ വർജ്യമാണവ. ഇബ്നു ഉമർ (റ) പറയുന്നു: "എല്ലാ ലഹരി പദാർത്ഥങ്ങളും മദ്യമാകുന്നു. എല്ലാ മദ്യവും നിഷിദ്ധവുമാകുന്നു." നബി (സ) പ്രസ്താവിച്ചു: "ബുദ്ധിയെ മറയ്ക്കുന്നതും ലഹരി ഉണ്ടാക്കുന്നതുമായ എല്ലാം നിഷിദ്ധമാകുന്നു"(അബൂ ദാവൂദ്).

മത പണ്ഡിതരും വൈദ്യ ശാസ്ത്രജ്ഞരും മനഃശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരുമെല്ലാം മദ്യത്തിന്റെയും ലഹരിയുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. മദ്യപാനി സമൂഹഗാത്രത്തിൽ ചെലുത്തുന്ന ദുഃസ്വാധീനം വിവരണാതീതമാണ്. ഉമറിന്റെ ഭരണ കാലത്ത് റുവൈശിദ് എന്നൊരാൾ വീട്ടിൽ മദ്യവിൽപന നടത്തിയതറിഞ്ഞ ഉമർ അയാളുടെ വീട് തീ വെച്ച് കത്തിക്കുകയുണ്ടായി. 'താങ്കൾ വിവേകശാലി (റുവൈശിദ്) അല്ല, പ്രത്യുത അധർമകാരി (ഫുവൈസിഖ്) ആണെ'ന്ന് ഉമർ അയാളോട് പറഞ്ഞു. ഇസ്ലാമിക നിയമത്തിന്റെ മൗലിക ലക്ഷ്യം മനുഷ്യന്റെ ജീവനും അഭിമാനത്തിനും ധനത്തിനും ബുദ്ധിക്കും മതവിശ്വാസത്തിനും സുരക്ഷ നൽകുക എന്നതാണ്. മദ്യവും മയക്കു മരുന്നും ഇവയെ മുഴുവൻ തകർക്കാൻ പോന്നതാകുന്നു.

കേരളീയ സമൂഹത്തിൽ മദ്യപാനത്തിന്റെയും മയക്കു മരുന്നുകളുടെയും ഉപയോഗം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ നയം മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതും മദ്യമുതലാളിമാർക്ക് അനുകൂലവുമാണ്. സിനിമയും കലാസാഹിത്യസൃഷ്ടികളും നവ സാമൂഹിക മാധ്യമങ്ങളും മദ്യപാനത്തെയും മയക്കു മരുന്നുപയോഗത്തെയും ഉദാത്തവത്കരിച്ചുകൊണ്ടിരിക്കുന്നു. ദുഃഖവും പ്രതിസന്ധിയും തരണം ചെയ്യാനുള്ള ഉപാധിയായും സംസ്കാരത്തിന്റെ പ്രതീകമായും അത് വാഴ്ത്തപ്പെടുകയും ചെയ്യുന്നു. തെറ്റായ സന്ദേശമാണ് ഇത്തരം മാധ്യമങ്ങൾ യുവതലമുറക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ന്യൂജനറേഷൻ സിനിമകളിലും ഈ സന്ദേശം മുഴച്ചുനിൽക്കുന്നു. ഇത്തരം സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാനും ഈ വിപത്തിൽ നിന്ന് യുവതലമുറയെ രക്ഷിച്ചെടുക്കാനും സാമൂഹികപ്രതിബദ്ധതയുള്ള എല്ലാവരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സമകാലീന സംഭവവികാസങ്ങൾ അത് നമ്മെ കൂടുതൽ ബോധ്യപ്പെടുത്തുന്നു.

■